**മലങ്കര മാർത്തോമ്മാ സുറിയാനി സഭ**
**ദിവ്യസംഗീത സംവേദന വിഭാഗം. (ഡി.എസ്.എം.സി)**

# ദിവ്യസംഗീത ഞായർ - മെയ് 26, 2019

ആരാധനക്രമം (മെത്രാപ്പോലീത്താ തിരുമേനി അംഗീകരിച്ചത്)

**ആരാധനാഹ്വാനം**

*എന്റെ ബലവും എന്റെ ഗീതവും യഹോവയത്രേ; അവൻ എനിക്ക് രക്ഷയായിത്തീർന്നു. അവൻ എന്റെ ദൈവം; ഞാൻ അവനെ സ്തുതിക്കും; അവൻ എന്റെ പിതാവിൻ ദൈവം; ഞാൻ അവനെ പുകഴ്ത്തും. (പുറ. 15:2)*

**ഗീതം :** ക്രി.കീ. 31

**കൗമ്മ:**

**പ്രാരംഭപ്രാർത്ഥ:**

ദൈവമായ കർത്താവേ, സംഗീതാത്മകമായ നിന്റെ മൊഴിയാൽ പാഴും ശൂന്യവുമായതിൽ നിന്നും രാഗതാളയലത്തോടുകൂടി പ്രപഞ്ചത്തെ മെനയുകയും ശ്രുതി മധുരമായി പരിപാലിക്കുകയും ചെയ്യുന്നതിന്റെ മഹാകരുണയ്ക്കു മുമ്പിൽ ഞങ്ങളുടെ ബലഹീനമായ സ്തോത്രങ്ങളും പ്രാർത്ഥനകളും സമർപ്പിക്കുന്നു. ഞങ്ങളെ പാവനരാക്കാൻ ഞങ്ങളിലേക്കും, ഞങ്ങളുടെ ഇടങ്ങളിലേക്കും ഇറങ്ങി വന്ന ദൈവമേ, നിന്റെ വചനത്തിന്റെ നാദധാരയിൽ ഞങ്ങൾ സഭയായി, ഒരുമയുടെ ഗാനം നിനക്കായ് ആലപിക്കുവാൻ ഞങ്ങളെ സഹായിക്കണമേ. ആമേൻ.

**അനുതാപ പ്രാർത്ഥന:**

*ഓരോ പ്രാർത്ഥനയ്ക്കും ശേഷം പ്രതിഗാനമായ് ക്രിസ്തീയ കീർത്തനത്തിലെ 211 -ാം ഗീതത്തിന്റെ ചരണങ്ങൾ ആലപിക്കണം.*

1. വിശ്വാസവീരരുടെ നാവിൽ അവരുടെ സാക്ഷ്യമായി നിറകൊണ്ട എത്രയോ ഗാനങ്ങൾ ലാഘവത്തോടെ പ്രകടനത്തിനുവേണ്ടി മാത്രമായി ആലപിച്ചു. ഈ കുറവിനെ ദൈവമേ..

   പ്രതിഗാനം: *ദൈവമേ സ്നേഹരൂപനേ എന്നെ നീ തള്ളീടല്ലേ*
   *സന്താപത്താൽ വിളിക്കുന്നേൻ ദോഷിയേ രക്ഷിക്കണേ*

2. ശബ്ദവും സ്വരവും ദൈവം നൽകിയ വരദാനമെന്ന് അറിഞ്ഞിട്ടും, ലഭിച്ച കഴിവുകളെ നിഗളത്തോടും ഗർവ്വോടും സ്വാർത്ഥ ലാഭത്തോടും കൂടി വിനിയോഗിച്ചതിന്, ദൈവമേ..

   പ്രതിഗാനം *നിന്റെ സ്നേഹമറിഞ്ഞിട്ടും നിന്നെ സ്നേഹിച്ചില്ലേ ഞാൻ*
   *തന്നിഷ്ടനായ് നടന്നു പോയ് നീക്കണെ എൻ പാപത്തെ*

3. വിശ്വസ്തതയോടെ നിൽക്കേണ്ടുന്ന സമയമാണ് എന്ന് അറിഞ്ഞിട്ടും അശ്രദ്ധയോടും വികലമായ ചിന്തയോടും കൂടെ ആരാധന അശുദ്ധമാക്കിയ കുറവിനെ ദൈവമേ,

   പ്രതിഗാനം: *അശുദ്ധമായ ചിന്തകൾ മലിനമായ കാഴ്ചകൾ*
   *അശുദ്ധമാക്കി മാനസം അന്ധമാക്കി കൺകളെ*

**സ്തോത്ര പ്രാർത്ഥന**

*ഓരോ പ്രാർത്ഥനയ്ക്കും ശേഷം **"നിൻ മഹാകൃപയ്ക്കായ് നിന്നെ ഞാൻ സ്തുതിച്ചീടുമെന്നും"** എന്ന് പ്രതിഗാനമായ് ആലപിക്കാം.*

1. ദൈവമെ, നിന്റെ വചനം കീർത്തനങ്ങളിലൂടെ ഞങ്ങളുടെ അനുതാപത്തിനും അനുരഞ്ജനത്തിനും, സ്നേഹത്തിനും, കരുണയ്ക്കും, വിശ്വാസത്തിനും, പ്രത്യാശയ്ക്കും, സമർപ്പണത്തിനും, ദൗത്യത്തിനുമായ് ഞങ്ങളെ ഉണർത്തുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നതിനാൽ നിനക്ക് സ്തോത്രം.

പ്രതിഗാനം: *നിൻ മഹാ കൃപയ്ക്കായ് നിന്നെ ഞാൻ സ്തുതിച്ചീടുമെന്നും"*

2. സഭയുടെ പ്രൗഢവും പവിത്രവുമായ സംഗീത പാരമ്പര്യത്തിനായ് ദൈവത്തിനു നന്ദി കരേറ്റാം. പ്രത്യേകിച്ച് മൂത്താമ്പാക്കൽ കൊച്ചുകുഞ്ഞ് ഉപദേശി, കെ. വി. സൈമൺ, മോശവത്സലം, യൂസ്തൂസ് യൗസേഫ്, പി.വി. തൊമ്മി, റ്റി.ജെ വർക്കി, കൊച്ചുകുറു, എം.ഇ. ചെറിയാൻ. റവ. കെ.പി. ഫിലിപ്പ് തുടങ്ങിയ ഭക്തകവികളുടെ ജീവിതത്തിനായും അവരിലൂടെ മലയാള ക്രൈസ്തഗാനശാഖകൾക്ക് ലഭിച്ച സംഭാവനകൾക്കായും സ്തോത്രം ചെയ്യാം.

പ്രതിഗാനം: *നിൻ മഹാ കൃപയ്ക്കായ് നിന്നെ ഞാൻ സ്തുതിച്ചീടുമെന്നും"*

3. കഴിഞ്ഞ അൻപതു വർഷക്കാലം ഡി.എസ്.എം.സി എന്ന പ്രസ്ഥാനത്തിന കരുത്തും പ്രചോദനവും നൽകിത്തന്ന സർവ്വേശ്വരന സ്തോത്രം അർപ്പിക്കാം.

പ്രതിഗാനം: *നിൻ മഹാ കൃപയ്ക്കായ് നിന്നെ ഞാൻ സ്തുതിച്ചീടുമെന്നും"*

**മദ്ധ്യസ്ഥപ്രാർത്ഥന**

*(ഓരോ പ്രാർത്ഥനയ്ക്കും ശേഷം ഒരു നിമിഷം മൗനമായ് പ്രാർത്ഥിക്കാം.)*

1. ആരാലും സഹായങ്ങൾ ലഭ്യമാകാതെ, ആരും പ്രാർത്ഥിക്കുവാനുമില്ലാതെ ഭാരപ്പെടുന്നവർ നമ്മുടെ ഇടയിലുണ്ട്. ഒരു നിമിഷം അവർക്കുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.
2. വിവിധ മാധ്യമങ്ങളിലൂടെ ക്രിസ്തീയ സന്ദേശം ലോകമെമ്പാടും പ്രചരിപ്പിക്കുന്നവർക്കായും അവയെ കൈക്കൊള്ളുന്ന ഓരോരുത്തർക്കായും നമുക്ക് പ്രാർത്ഥിക്കാം.
3. നമ്മുടെ സഭയുടെ സംഗീതവിഭാഗമായ ഡി.എസ്.എം.സി യ്ക്കായും അതിന്റെ ചുമതല വഹിക്കുന്ന അഭി. മെത്രാപ്പോലീത്താ തിരുമേനി, വൈസ് പ്രസിഡന്റ്, ഡയറക്ടർ, ട്രഷറാർ, മാനേജിംഗ് കമ്മറ്റിയംഗങ്ങൾ, ഓഫീസ് അനുബന്ധ പ്രവർത്തകർ എല്ലാവർക്കായും പ്രാർത്ഥിക്കാം.

**സമർപ്പണ ഗാനം**

സർവ്വവും യേശു നാഥനായ് സമർപ്പണം
ചെയ്തിടുന്നു സ്നേഹമോടെ ഞാൻ (2)
എന്റെ ശബ്ദവും എൻ ധ്വനികളും
നീ എനിക്കു തന്നതൊക്കെയും (സർവ്വ..)